# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6287 — 20.11.2019-ലെ മറുപടി

## നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റി മുഖേന നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ(SR) ഓഫിസിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. നെടുമങ്ങാട് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും, വെള്ളനാട് ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയും<br>2. കരകുളം, അരുവിക്കര പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>3. നെല്ലനാട്, മാണിക്കൽ, വാമനപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി<br>4. നെടുമങ്ങാട് മണ്ഡലത്തിലെ വെമ്പായം, മാണിക്കൽ,കരകുളം പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി<br>5. നെടുമങ്ങാട് മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലെ കോളനികളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി . |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഭരണാനുമതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | 1. <u>നെടുമങ്ങാട് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും, വെള്ളനാട് ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയും</u><br>പ്രസ്തുത പദ്ധതിക്കായി 72.31 കോടി രൂപയുടെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി ചീഫ് എഞ്ചിനീയർ(SR) ഓഫിസിൽ സമർപ്പിച്ചിരുന്നു എങ്കിലും പദ്ധതിയുടെ |
| (സി) | ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | | |

<table>
<tr><th>ചോദ്യം</th><th>മറുപടി</th></tr>
<tr><td></td><td>വിവിധ ഘടകങ്ങൾക്കായുള്ള സ്ഥലത്തെ മണ്ണ് പരിശോധന നടത്തി രൂപ രേഖ തയ്യാറാക്കി നവീകരിച്ച എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ജല സംഭരണി നിർമ്മിക്കുന്നതിനായി കൊറ്റാമലയിൽ 50 സെന്റ് സ്ഥലവും, കളക്കോട് 20 സെന്റ് സ്ഥലവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കൈമാറുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക പരിമിതി ഉണ്ടെന്ന് അറിയിച്ചതുമൂലം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.<br><br>2. <u>കരകുളം, അരുവിക്കര പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതി</u><br>02/04/2019 ൽ ചീഫ് എഞ്ചിനീയർ, പി.പി.ഡി&വാസ്കോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാന പ്രകാരം അരുവിക്കര പഞ്ചായത്തിൽ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി അധികമായി വേണ്ടി വരുന്ന 5 .50 എം.എൽ.ഡി ശുദ്ധ ജലം നിലവിലെ 72 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാലയിൽ നിന്നും നൽകുന്ന കാര്യം പരിഗണിക്കുന്നതിനും കൂടാതെ കരകുളം പഞ്ചായത്തിന് വേണ്ടി കമ്മിയിലെ നിലവിലുള്ള ശുദ്ധീകരണശാലയുടെ ശേഷി 50% കൂടി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിന് അന്തിമരൂപം നൽകി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി പി.പി.ഡി വിഭാഗം നടത്തി വരുന്നു.<br><br>3. <u>നെല്ലനാട്, മാണിക്കൽ, വാമനപുരം പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.</u><br>ഈ പദ്ധതിയിലൂടെ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ മാണിക്കൽ പഞ്ചായത്തിനും പ്രയോജനം ലഭിക്കുന്നതാണ്. വാമനപുരം നദി</td></tr>
</table>

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | ഉറവിടമാക്കി 25 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും, ജല സംഭരണികളും,പൈപ്പ് ലൈനുകളും ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 85 കോടി രൂപയുടെ പെർസ്‌പെക്ടീവ് പ്ലാൻ തയ്യാറാക്കിയിരുന്നു. അതിന്റെ തുടർച്ചയായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ പ്രവർത്തികൾ കേരള വാട്ടർ അതോറിറ്റി പി.പി.ഡി വിഭാഗം സ്വീകരിച്ചു വരുന്നു.<br><br>4. <u>നെടുമങ്ങാട് മണ്ഡലത്തിലെ വെമ്പായം, മാണിക്കൽ,കരകുളം പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി</u><br><br>നെടുമങ്ങാട് മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഉയർന്ന പ്രദേശങ്ങളിലെ കോളനികളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് 16 കോടി രൂപയുടെ ഡി ഇ ആർ സമർപ്പിച്ചതിൽ നെടുമങ്ങാട് മണ്ഡലത്തിലെ വെമ്പായം, മാണിക്കൽ, കരകുളം പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് കോർപ്പസ് ഫണ്ടിൽ നിന്നും 142.83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി തുകക്കുള്ള പദ്ധതിക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല .<br><br>5. <u>നെടുമങ്ങാട് മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലെ കോളനികളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി</u><br><br>പനവൂർ പുല്ലമ്പാറ വെമ്പായം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ വെമ്പായം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 90 എം.എം പി.വി.സി പൈപ്പുകൾ സ്ഥാപിക്കുന്നതിന് 93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിയിരുന്നെങ്കിലും ജി.എസ്.ടി ഉൾപ്പെടുത്തി പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**